**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1416** **11.06.2019 ൽ മറുപടിയ്ക്ക്**

**ഹരിസൺ മലയാളം പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.സണ്ണി ജോസഫ്** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ പ്ലാന്റേഷന് കൈമാറിയ തോട്ടങ്ങളുടെ കരം സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വീകരിക്കാവൂ എന്ന നിർദ്ദേശം നൽകിയിരുന്നോ; | (എ) തോട്ടം ഭൂമി സംബന്ധിച്ച് ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് കരം എടുക്കുന്നതുൾപ്പെടെയുള്ള കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് ബഹു.സുപ്രീംകോടതി ശരിവച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണെന്നും അതിനാൽ തോട്ടം ഭൂമി സംബന്ധിച്ച കേസുകളിൽ സർക്കാരിനോട് കൂടിയാലോചിച്ച് മാത്രമേ തീരുമാനമെടുക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം 27/02/2019-ന് എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി തെന്മലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ, റിയ എസ്റ്റേറ്റിന് കൈമാറിയ 200 ഏക്കർ ഭൂമിയുടെ കരം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഉത്തരവാദികൾ ആരാണെന്ന് അറിയിക്കുമോ; അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി)യും (സി)യും തെന്മല വില്ലേജിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, റിയ എസ്റ്റേറ്റിനു വിൽപ്പന നടത്തിയ 206.57 ഏക്കർ ഭൂമിയുടെ പോക്കുവരവ് നടത്തി കരം സ്വീകരിക്കണമെന്നാവശ്യപ്പെട്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP(C)28115/06 കേസിലെ 5-10-13 ലെ വിധിയിൽ പോക്കുവരവ് അപേക്ഷ പുന:പരിശോധിക്കുന്നതിനും ഹാജരാക്കിയിട്ടുള്ള ആധാരങ്ങൾ പ്രാപ്തമാണെങ്കിൽ പോക്കുവരവ് അനുവദിക്കുന്നതിനും അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 200/15 അപ്പീലിൽ 17.09.2018 ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പോക്കുവരവ് ചെയ്യുന്നതും കരം എടുക്കുന്നതും ഉടമസ്ഥത സംബന്ധിച്ച തെളിവുകൾ അല്ലായെന്നും ആയതിനാൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം പോക്കുവരവ് |
| (സി) | റിയ എസ്റ്റേറ്റിൽ നിന്നും കരം സ്വീകരിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | |

| | | |
|---|---|---|
| | | നടത്തി നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത കോടതിവിധി പ്രകാരം റിയ എസ്റ്റേറ്റിന്റെ പോക്കുവരവ് നടത്തി കരം സ്വീകരിച്ചിരുന്നു. |
| (ഡി) | പ്രസ്തുത ഭൂമിയിൽ നിന്നും മരം മുറിച്ച് കടത്തിയതായുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) റിയ എസ്റ്റേറ്റിൽ നിന്ന് മരങ്ങൾ മുറിച്ച് കടത്തുന്നതായി ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ തെന്മല വില്ലേജിന്റെ പരിധിയിൽ വരുന്ന ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള നാഗമല ഈസ്റ്റിൽഡ് എസ്റ്റേറ്റ് ഉൾപ്പെട്ട് വരുന്ന സ്ഥലത്തു നിന്നും സർക്കാർ അനുമതി കൂടാതെ റബ്ബർ മരങ്ങൾ മുറിച്ച് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരം മുറിക്കെതിരെ തെന്മല വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകുകയുണ്ടായി. പ്രസ്തുത നടപടി ചോദ്യം ചെയ്തുകൊണ്ട് റിയ എസ്റ്റേറ്റ് ഫയൽ ചെയ്ത WP(C) 8195/19 കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ